# 7

# നൂറുകൾക്ക് മാതാവ്

## (ജപ്പാൻ - മയൂമി നഗാനോ)

മയൂമി ജപ്പാനിലെ സ്വാധീനമുള്ള അഡ്വന്റിസ്റ്റുകാരിൽ ഒരാളാണ്. പക്ഷേ ഒന്നാം ക്ലാസ് പൂർത്തീകരിക്കും മുൻപേ രണ്ടു പ്രാവശ്യം മരിച്ചു പോകേണ്ടതായിരുന്നു.

മദ്യപാനിയായ ഒരു പിതാവും മാനസിക രോഗമുള്ള അമ്മയോടും ഒപ്പമായിരുന്നു തന്റെ ജീവിതം. തിളച്ച വെള്ളം, നിറഞ്ഞ പാത്രത്തിൽനിന്നും കൊച്ചുകുട്ടിയായിരുന്ന തന്റെ ശരീരത്തിൽ രണ്ടു പ്രാവശ്യം വീഴുന്നത് മാതാപിതാക്കൾ ഇരുവരും ശ്രദ്ധിച്ചില്ല. രണ്ടു പ്രാവശ്യവും വെള്ളം ശരീരത്തിൽ വീഴുകയും ആഴത്തിലുള്ള പാടുണ്ടാക്കുകയും ചെയ്തു.

“ദൈവം എന്റെ ജീവൻ രണ്ടു പ്രാവശ്യം രക്ഷിച്ചു.” എനിക്ക് ഒൻപത് വയസ്സായിരുന്നപ്പോൾ എന്റെ അമ്മ എവിടേയ്ക്കോ പോയി. പിന്നെ ഒരിക്കലും മടങ്ങി വന്നിട്ടില്ല.

ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ മയൂമിക്ക് പ്രത്യാശയുടെ കിരണം കാണാനായി. ഒരു അമേരിക്കൻ കുടുംബം മയൂമിയുടെ അടുത്ത് താമസിക്കുവാൻ വന്നു. അവർ മയൂമിയെ ഇംഗ്ലീഷ് പഠിപ്പിച്ചു. ബൈബിളിലൂടെ സ്വർണവാക്യം മത്തായി 7:12 ഇംഗ്ലീഷിൽ വായിച്ചപ്പോൾ അവൾക്ക് അവളുടെ ചെവിയെ വിശ്വസിക്കാനായില്ല.

ഞാൻ അതു വായിച്ച് കേട്ടപ്പോൾ എന്റെ ജീവിതം ഇനിയും ബാക്കിയുണ്ട് എന്ന് എനിക്കു വിശ്വാസമായി. എന്റെ ഭൂതകാലം എനിക്കു മാറ്റാനാകില്ല. എന്റെ ശരീരത്തിലെ പാടുകളും എനിക്ക് മാറ്റാനാകില്ല. പക്ഷെ എന്നെ സ്നേഹിക്കണം എന്നു ഞാൻ ആഗ്രഹിച്ചതുപോലെ മറ്റുകുട്ടികളെ എനിക്ക് സ്നേഹിക്കുവാൻ കഴിയും എന്ന് എനിക്കു ബോധ്യമായി.

കുഞ്ഞുങ്ങളെ പരിപാലിക്കുന്നത് നല്ലതാണ് എന്ന ഒരു ചിന്ത അവളിൽ ഉണ്ടായി. പക്ഷേ പ്രയാസം നിറഞ്ഞ ഇരുപത് വർഷം കഴിഞ്ഞു. 21–ാം വയസ്സിൽ വിവാഹിതയായി. വിവാഹജീവിതം 31–ാം വയസ്സിൽ അവസാനിച്ചു. മദ്യപാനവും പുകവലിയും ശീലമാക്കി. അവൾ ആത്മഹത്യയ്ക്ക് ശ്രമിച്ചു. 38–ാം വയസ്സിൽ അവൾ വീണ്ടും വിവാഹം കഴിച്ചു. ജീവിതം കെട്ടിപടുക്കുവാൻ ശ്രമിച്ചു. ഒരു ഡേ കെയർ സെന്ററിൽ ജോലി ചെയ്യവേ കണ്ട കാഴ്ച അവളെ വല്ലാതെ ആകുലപ്പെടുത്തി.

ഒരു വയസ്സ് പ്രായമുള്ള ഒരു കുഞ്ഞിനെ ഡേ കെയർ സെന്ററിൽ ചേർക്കാതെ വിട്ടപ്പോൾ അവൾക്ക് അതു വിഷമമായി. കാരണമായി അധികൃതർ പറഞ്ഞത്

കുഞ്ഞിന് പനിയുണ്ട് എന്നതാണ്. എന്നാൽ കുഞ്ഞിന്റെ അമ്മയ്ക്ക് ജോലിക്ക് പോകാതെ ജീവിക്കാനും കഴിയില്ല. പിറ്റെ ദിവസം പനി സുഖമായി എന്നു പറഞ്ഞ് ആ കുഞ്ഞിനെ വീണ്ടും കൊണ്ടുവന്നു. വെള്ളം നിറച്ച ഡയപ്പർ കുട്ടിക്ക് വച്ചു കെട്ടി പനി കുറച്ചാണ് കൊണ്ടു വന്നിരിക്കുന്നത്.

ഇതു കണ്ട് മയൂമി സ്വന്തമായി ഡേ കെയർ തുടങ്ങാൻ തീരുമാനിച്ചു. കുഞ്ഞുങ്ങൾക്ക് എന്തു പ്രശ്നം ഉണ്ടെങ്കിലും കുട്ടിയെ സ്വീകരിക്കും എന്ന ആശയത്തിൽ ഡേ കെയർ തുടങ്ങി.

മയൂമിയുടെ ഭവനത്തിൽ ആരംഭിച്ച ഡേ കെയർ സെന്റർ 24 മണിക്കൂറും പ്രവർത്തിക്കും. പത്ത് കുഞ്ഞുങ്ങളെ പരിപാലിക്കാൻ സ്ഥലം ഉള്ളിടത്ത് അഞ്ഞൂറ് ആപ്ലിക്കേഷൻ ലഭിച്ചു. ഒരു കുട്ടിക്ക് സുഖമില്ലാതായാൽ ഒരു ആയയെ ആ കുട്ടിയുടെ വീട്ടിൽ ഇരുന്ന് ശുശ്രൂഷിക്കുമായിരുന്നു. അങ്ങനെ മറ്റു കുട്ടികൾക്ക് രോഗം വരാതിരിക്കും.

മയൂമി മറ്റു കുഞ്ഞുങ്ങളെ പരിപാലിക്കവേ തന്റെ കുഞ്ഞുങ്ങളെ പരിപാലിക്കാൻ കഴിയാതെയായി. അവൾക്ക് രണ്ടു പെൺകുട്ടികൾ ഉണ്ടായിരുന്നു. രണ്ടാമത്തെ കുട്ടി 4-ാം ക്ലാസിൽ പോകാതെയായി. സ്കൂളിലെ അദ്ധ്യാപിക അവളെ വെറുതെ ഉപദ്രവിക്കുകയും അസഭ്യം പറയുകയും ചെയ്യുമായിരുന്നു.

അങ്ങനെ മയൂമി മകളെ മറ്റൊരിടത്തുള്ള അഡ്വന്റിസ്റ്റ് സ്കൂളിൽ ചേർത്തു. അവിടം നേരത്തെ സ്കൂളിനെ അപേക്ഷിച്ച് സ്വർഗ്ഗം പോലെ ആയിരുന്നു. തന്റെ മകൾ പെട്ടെന്ന് സ്കൂളിനെ ഇഷ്ടപ്പെട്ടു. ചില വർഷങ്ങൾക്കു ശേഷം അവിടെ സ്നാനപ്പെട്ടു. താമസിയാതെ മയൂമിയും ഭർത്താവും മൂത്ത മകളും സ്നാനപ്പെട്ടു.

മയൂമി സ്നാനത്തിനുശേഷം മാറിത്തുടങ്ങി. വളരെ വേഗം അവൾ ആരോഗ്യവതിയായി. അവൾ വളരെ സന്തോഷവതിയായി. സുഹൃത്തുക്കളും അയൽപക്കക്കാരും കുട്ടികളുടെ രക്ഷിതാക്കളും മയൂമി എന്തുകൊണ്ടാണ് ഇത്രപെട്ടെന്നു മാറ്റം വന്നത് എന്നു തിരക്കി. യേശു തന്നെ മാറ്റി എന്ന് ധൈര്യത്തോടെ പറയുമായിരുന്നു. അവളുടെ സ്വാധീനം കാരണം അവളുടെ ഡേ കെയർ സെന്ററിൽ വന്ന മുപ്പത് കുട്ടികൾ ഇപ്പോൾ അഡ്വന്റിസ്റ്റ് സ്കൂളിൽ പഠിക്കുന്നു.

ഏകദേശം നാല്പത്തി അഞ്ച് കുട്ടികളും രക്ഷിതാക്കളും അഡ്വന്റിസ്റ്റ് സഭയിൽ സ്നാനപ്പെട്ടു. ഇപ്പോൾ മയൂമിയും ജോലിക്കാരും ചേർന്ന് വലിയ ഡേ കെയർ സെന്റർ നടത്തുകയാണ്.

നാം നമ്മുടെ സ്വാധീനം എപ്രകാരം ദൈവനാമത്തിനായി ഉപയോഗിക്കുന്നു? മയൂമിയെപോലെ യേശുവിനു വേണ്ടി മനുഷ്യരെ നേടുന്നതിന് നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

◈ ◈ ◈